പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1535

03-10-2011-ൽ മറുപടിയ്ക്ക്

## കടലിൽ നിന്നുള്ള രൂക്ഷഗന്ധത്തെക്കുറിച്ചുള്ള പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ഇ. കെ. വിജയൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കടലിൽ നിന്നും രൂക്ഷമായ ഗന്ധം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത്തരത്തിൽ ഗന്ധം ഉണ്ടാകുന്നതെന്തുകൊണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പഠന റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വിശദമാക്കുമോ ; | ബി) ഇതു സംബന്ധിച്ച് സെസ്സ് പഠനം നടത്തിയിട്ടുണ്ട്. കടലിൽ കാണപ്പെടുന്ന സൂക്ഷ്മ ആൽഗകളുടെ ക്രമാതീതമായ വർദ്ധനവും, അതുമൂലമുണ്ടാകുന്ന ജൈവവിഘടനവും ഡൈമീഥൈൽ സൾഫൈഡ് എന്ന രാസവസ്തുവിന്റെ ഉൽപ്പാദനത്തിന് കാരണമാകുന്നു. രൂക്ഷഗന്ധത്തോടു കൂടിയ ഈ രാസവസ്തുവിന്റെ പ്രഭാവമാണ് ഈ പ്രതിഭാസത്തിനു കാരണം. ദൂരവ്യാപകമായി രൂക്ഷഗന്ധം വ്യാപിപ്പിക്കുകയും ചെയ്യുന്നു. ക്രമേണ ബാഷ്പീകരണശേഷി നഷ്ടപ്പെട്ട് അതിന്റെ കാഠിന്യം കുറയുകയും ചെയ്യുന്നു. ഈ പ്രതിഭാസത്തിന് കാരണമായിരിക്കുന്നത് പെട്ടെന്നുള്ള ശക്തമായ മഴയും തീരദേശത്തേക്കുള്ള ശുദ്ധജലത്തിന്റെ പ്രവാഹവുമാണ്. ഈ ശുദ്ധജലത്തിൽ കൂടി കരയിൽ നിന്നുള്ള മാലിന്യങ്ങൾ തീരദേശജലത്തിൽ ലയിച്ച് ധാതുലവണങ്ങളുടെ അളവിൽ വ്യത്യാസം വരുത്തുന്നു. ഈ വ്യതിയാനം ആൽഗകളെ ആകർഷിക്കുന്നു. സെസ്സിന്റെ പഠനം ഈ രൂക്ഷമായ ഗന്ധം ഉണ്ടായപ്പോഴും അതിനുശേഷവുമായിട്ടായിരുന്നു. ഈ രണ്ടു കാലയളവിലും ജലത്തിന് നിറവ്യത്യാസം അനുഭവപ്പെട്ടില്ല. അതേ സമയം **PH, Salinity Nutrients** എന്നിവയുടെ അളവിൽ നേരിയ വ്യത്യാസം കാണപ്പെട്ടു. |
| സി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ കടൽതീരത്ത് താമസി ക്കുന്നവരെ ബോദ്ധ്യപ്പെടുത്തി ഭീതിയകറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | സി) നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ